(സി) വിലയിടിവിനോടൊപ്പം തന്നെ തെങ്ങിനെ ബാധിച്ചിരുന്ന മണ്ഡരിരോഗം ഉല്പാദനരംഗത്ത് ഉണ്ടാക്കുന്ന ഗുരുതരമായ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് എന്തു നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്;

(ഡി) പ്രധാനപ്പെട്ട കാർഷികോല്പന്നങ്ങൾക്കെല്ലാം തറവില നിശ്ചയിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ?

ഉത്തരം

(എ) റബ്ബറിന് ന്യായമായ വില ലഭിക്കുന്നില്ലെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) നാളികേര ഉല്പാദന ചെലവിനെക്കുറിച്ച് പഠനം നടത്തുകയും അതിന്റെ അടിസ്ഥാനത്തിൽ കൊപ്രയ്ക്ക് ഉയർന്ന താങ്ങുവില നിശ്ചയിക്കണമെന്ന് കേന്ദ്ര കാർഷിക വില നിർണ്ണയക്കമ്മീഷനോടും കേന്ദ്ര സർക്കാരിനോടും ആവശ്യപ്പെട്ടിട്ടുണ്ട്. ഉല്പാദന ചെലവുമായി ബന്ധപ്പെട്ട് താങ്ങുവില പ്രഖ്യാപിക്കണമെന്നും എസ്.ടി.സി. മുഖേന മുപ്പതിനായിരം ടൺ റബ്ബർ ഉടനടി ശേഖരിക്കണമെന്നും റോഡ് റബ്ബറൈസ് ചെയ്യുക, വ്യവസായങ്ങളാരംഭിക്കുക എന്നിവയ്ക്ക് സഹായം നൽകണമെന്നും ആവശ്യപ്പെട്ടിട്ടുണ്ട്. ചരിത്രത്തിലാദ്യമായി റബ്ബർ കയറ്റുമതി ചെയ്യാനാരംഭിച്ചിട്ടുണ്ട്. റബ്കോയ്ക്ക് ഇതിലുണ്ടാകുന്ന നഷ്ടം ഗവൺമെന്റ് വഹിക്കുന്നതാണ്.

(സി) മണ്ഡരി രോഗബാധ തടയുന്നതിനായി സംസ്ഥാനത്ത് കൃഷി വകുപ്പും, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും ചേർന്ന് യുദ്ധകാലാടിസ്ഥാനത്തിൽ തെങ്ങുകളിൽ മരുന്നുതളി നടത്തിവരുന്നു. ഇതിനായി പതിനെട്ടുകോടി രൂപ കൃഷിവകുപ്പ് നൽകിക്കഴിഞ്ഞിട്ടുണ്ട്. തദ്ദേശ സ്വയംഭരണ വകുപ്പും ധനസഹായം നൽകും. അധികച്ചെലവു നേരിടുവാൻ 10 കോടി രൂപകൂടി മന്ത്രിസഭ അനുവദിച്ചിട്ടുണ്ട്. ഇതിനായി കേന്ദ്ര സർക്കാരിന്റെ ധന സഹായം ആവശ്യപ്പെട്ടുകൊണ്ട് നിവേദനം സമർപ്പിച്ചിട്ടുണ്ട്. ജൈവ നിയന്ത്രണമാർഗ്ഗങ്ങൾ വികസിപ്പിക്കുവാനുള്ള ശ്രമവും നടന്നുവരുന്നു.

(ഡി) കാർഷികോൽപ്പന്നങ്ങൾക്ക് തറവില, താങ്ങുവില തുടങ്ങിയവ നിശ്ചയിക്കുന്നത് കേന്ദ്ര കാർഷിക വില നിർണ്ണയക്കമ്മീഷന്റെ സഹായത്തോടെ കേന്ദ്രസർക്കാരാണ്. കേരളത്തിലെ കാർഷികോല്പന്നങ്ങളിൽ കൊപ്രായ്ക്കും നെല്ലിനും, കേന്ദ്ര സർക്കാർ വർഷാവർഷങ്ങളിൽ താങ്ങുവില നിശ്ചയിക്കാറുണ്ട്. റബ്ബറിന് കേന്ദ്ര സർക്കാർ ബഞ്ചുമാർക്കു വില നിശ്ചയിച്ചിട്ടുണ്ട്.

92 (381) നെൽപ്പാടങ്ങൾ തരിശിടുന്നത് തടയാൻ

ശ്രീ. കെ.എ. ചന്ദ്രൻ :
ശ്രീ. ജി. കാർത്തികേയൻ :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. അടൂർ പ്രകാശ് :

ശ്രീ എം. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെൽപ്പാടങ്ങൾ തരിശിടുന്ന പ്രവണത തടയുന്നതിനും പാടങ്ങൾ മുഴുവൻ നെൽക്കൃഷി ചെയ്യുന്നതിനും ഗവൺമെന്റ് എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) തുടർച്ചയായ വർഷങ്ങളിൽ തരിശിടുന്ന പാടം ക്രമേണ നികത്തിയെടുത്ത് മറ്റു കൃഷികൾ ചെയ്ത് വീട്ടുപറമ്പുകളായി മാറ്റിയെടുക്കുന്ന പ്രവണത വർദ്ധിച്ചുവരുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഫലഭൂയിഷ്ഠമായ നിരവധി പാടശേഖരങ്ങൾ അടുത്ത കാലത്ത് ഒന്നായിട്ട് നികത്തിയ സംഭവങ്ങൾ ഗവൺമെന്റിനറിവുണ്ടോ;

(ഡി) നെൽകൃഷിയും ഒപ്പം മത്സ്യകൃഷിയും നടത്തി പാടശേഖര കൃഷി ലാഭകരമാക്കി പാടങ്ങൾ അതേപടി സംരക്ഷിക്കാനുള്ള പദ്ധതികൾ നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ഇ) കാർഷികവൃത്തി ഉപേക്ഷിക്കാൻ നിർബന്ധിതരാകുന്ന കൃഷിക്കാർക്ക് ആശ്വാസം നൽകി പരിപോഷിപ്പിക്കാൻ തയ്യാറാകുമോ?

ഉത്തരം

(എ) നെൽകൃഷി കൂടുതൽ ലാഭകരവും ആകർഷകവുമായി കൂടുതൽ കർഷകരെ പ്രോത്സാഹിപ്പിച്ച് നെൽപ്പാടങ്ങൾ നെൽകൃഷിക്ക് ഉപയുക്തമാക്കുന്നതിനായി ഗ്രൂപ്പ് ഫാമിംഗ് പദ്ധതി ഗുണകരവും ക്രിയാത്മകവുമായി പുനരാവിഷ്കരിക്കാൻ ഉദ്ദേശിക്കുന്നു. നെൽവയലുകൾ നികത്തുന്നത് തടയുവാൻ ബന്ധപ്പെട്ട എല്ലാ ഉദ്യോഗസ്ഥന്മാർക്കും കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. മന്ത്രി തലത്തിൽ ഇത്തരം അനുവാദം നൽകുന്നുമില്ല.

(ബി) ചില സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) കൃഷി വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) ഇക്കാര്യം പരിശോധിക്കുന്നുണ്ട്.

(ഇ) കാർഷിക വൃത്തി ഉപേക്ഷിക്കാതിരിക്കുന്നതിനും കൂടുതൽ ലാഭകരവും ആകർഷകവും ആക്കുന്നതിനും സാദ്ധ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

93 (382) കാർഷിക നയം

ശ്രീ. ഇ.എം. അഗസ്തി :

ശ്രീമതി രാധാരാഘവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെന്റിന്റെ കാർഷിക നയം പ്രഖ്യാപിക്കുന്ന കാര്യത്തെപ്പറ്റി പഠിക്കുവാൻ എം.എസ്. സ്വാമിനാഥനെ ഒരു കമ്മിഷനായി നിയമിച്ചിരുന്നുവോ; എങ്കിൽ എന്ന്;

(ബി) കമ്മിഷന്റെ റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ; എങ്കിൽ എന്ന്;

(സി) അതനുസരിച്ച് കാർഷിക നയം പ്രഖ്യാപിച്ചുവോ;

ഉത്തരം

(എ) പുതിയ കാർഷിക നയം രൂപീകരിക്കുന്നതിനാവശ്യമായ നിർദ്ദേശം സമർപ്പിക്കുവാൻ ഡോ. എം.എസ്. സ്വാമിനാഥൻ ചെയർമാനായുള്ള ഒരു വിദഗ്ദ്ധ സമിതിയെ 25.3.1997ലെ സർക്കാർ ഉത്തരവു പ്രകാരം നിയോഗിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly